മലയാള മനോരമ
Oct 29, 2016

# ആൻഡമാൻ തീരത്തു കടൽപായൽ കൃഷി; സഹായവുമായി സിഎംഎഫ്ആർഐ

## • ആൻഡമാൻ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി

കൊച്ചി • ആൻഡമാൻ തീരത്തു വിപുലമായ രീതിയിൽ കടൽപായൽ കൃഷി നടത്തുന്നതിനു കേന്ദ്ര-സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) സാങ്കേതിക സഹായം. പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഒഴിവാക്കാനായി പവിഴപ്പുറ്റുകൾ ഇല്ലാത്ത തീരങ്ങളാണു പായൽ കൃഷിക്കു വേണ്ടി സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ തിരഞ്ഞെടുത്തിരിക്കുന്നത്. സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ ആൻഡമാൻ ദ്വീപുകളിൽ കടൽപായൽ കൃഷിക്കു വലിയ സാധ്യതയുണ്ടെന്നു തെളിഞ്ഞിരുന്നു.

സാങ്കേതിക വിദ്യ കൈമാറുന്നതിന്റെ ഭാഗമായി ആൻഡമാൻ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്കു സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ കൃഷിയുടെ വിവിധ രീതികളിൽ പരിശീലനം നൽകി. വാണിജ്യ പ്രാധാന്യമുള്ള വിത്തുകൾ ശേഖരിക്കൽ, ചങ്ങാടങ്ങളുടെ നിർമാണം തുടങ്ങി പായൽകൃഷിയുടെ വിവിധ ഘട്ടങ്ങളിലാണു പരിശീലനം നൽകിയത്. ഡോ. എ.കെ.അബ്ദുൽ നാസർ, ഡോ. ബി. ജോൺസൺ എന്നിവർ നേതൃത്വം നൽകി. ഭക്ഷ്യവസ്തുവായും ഔഷധമായും വ്യാവസായിക ഉൽപന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവായും കടൽപായലുകൾ വ്യാപകമായി ഉപയോഗിക്കുന്നവരുണ്ട്. എന്നാൽ, ആവശ്യത്തിനു കടൽപായലുകൾ ലഭ്യമല്ലാത്ത അവസ്ഥയാണിപ്പോൾ. ആൻഡമാനിൽ കൃഷി ആരംഭിക്കുന്നതോടെ വിവിധ ഉൽപാദന മേഖലയ്ക്കു മുതൽകൂട്ടാകുമെന്നാണു പ്രതീക്ഷ.

പ്രമേഹത്തിനെതിരെയുള്ള പോഷകൗഷധം (ന്യൂട്രാസ്യൂട്ടിക്കൽ) സിഎംഎഫ്ആർഐ നേരത്തേ വികസിപ്പിച്ചിരുന്നു. വിപണിയിൽ ഏറെ ആവശ്യക്കാരുള്ള ഉൽപന്നമാണിത്. കൂടാതെ, സന്ധിവേദനയ്ക്കുള്ള ഔഷധവും (ഗ്രീൻ ആൽഗൽ എക്സ്ട്രാക്റ്റ്) കടൽപായലിൽ നിന്ന് സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്.